# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 82 04.03.2020 ലെ മറുപടിയ്ക്ക്

## പട്ടികവിഭാഗക്കാരെ വികസന മുഖ്യധാരയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

| | ചോദ്യം<br><br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ബി.സത്യൻ<br>ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | അധഃസ്ഥിതരാക്കപ്പെട്ട് ദളിതരെന്ന് വ്യവച്ഛേദിക്കപ്പെടുന്നവരുടെ നേർക്ക്, കേന്ദ്ര ഭരണത്തിൽ പ്രതിലോമ ശക്തികൾക്ക് മേൽക്കൈ ലഭിച്ചതിനെ തുടർന്ന് വർദ്ധിച്ച് വരുന്ന അക്രമങ്ങളുടെ അലയൊലിയെന്ന വണ്ണം സംസ്ഥാനത്ത് ചേരാനെല്ലൂർ സോപാന ഗായകന് ജാതീയ അവഹേളനം നേരിടേണ്ടിവന്നതിനെതിരെ കർശന നിയമനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ; | എ) | ചേരാനെല്ലൂർ പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ നമ്പർ 0710/2019, തീയതി 19.10.2019 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അതിക്രമം തടയൽ നിയമ പ്രകാരം അന്വേഷണം നടന്നുവരികയും ചെയ്യുന്നു. |
| ബി) | പൗരാവകാശ സംരക്ഷണ നിയമവും അതിക്രമ നിരോധന നിയമവും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ; | ബി) | സംസ്ഥാനത്ത് 1955 ലെ പൗരാവകാശ സംരക്ഷണ നിയമവും, 1989 ലെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമവും കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. അതിക്രമത്തിനിരയായവരെ പുനഃരധിവസിപ്പിക്കുക, ആവശ്യമായ അടിയന്തര സഹായം നൽകുക, മിശ്രവിവാഹിതർക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തുവാൻ ധനസഹായം നൽകുക, സൗജന്യ നിയമ സഹായം നൽകുക, ബോധവത്ക്കരണ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുക, |

| | | | |
|---|---|---|---|
| | | | സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണ പരിപാടികൾ നടത്തുക എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br>പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാതലത്തിൽ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ ചേരുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി സ്റ്റേറ്റ് ലെവൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം ചേർന്ന് നടപടികൾ മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. ഇതിനു പുറമെ ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യ പ്രവർത്തകർ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നുണ്ട്.<br>അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണം, നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, മലപ്പുറം-മഞ്ചേരിയിലും, വയനാട്-മാനന്തവാടിയിലും, കൊല്ലം-കൊട്ടാരക്കരയിലും, പാലക്കാട്-മണ്ണാർക്കാടും നാല് സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാരെ വികസന മുഖ്യധാരയിലെത്തിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ? | സി) | പട്ടികജാതിക്കാരെ വികസന മുഖ്യധാരയിലെത്തിക്കാൻ സംസ്ഥാന സർക്കാർ വകുപ്പ് മുഖേന നിരവധി നൂതന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി<br>2. പഠന മുറി<br>3. ഭവനരഹിതർക്ക് ഭവനം (ലൈഫ് മിഷൻ)<br>4. വിവിധ വിദ്യാഭ്യാസ പദ്ധതികളും സ്കോളർഷിപ്പുകളും<br>5. ആരോഗ്യ സംരക്ഷണ പരിപാടികളും ചികിത്സാ ധനസഹായവും<br>6. സ്വയംതൊഴിൽ നേടുവാനും വിദേശത്ത് തൊഴിൽ നേടുവാനുമുള്ള ധനസഹായം<br>7. ഹോസ്റ്റലുകൾ, സ്വകാര്യ ഹോസ്റ്റലുകൾ എന്നിവയിൽ താമസിക്കുന്നതിനുള്ള സഹായം<br>8. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br>9. എഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്<br>10. ഐ.റ്റി.ഐകൾ<br>11.കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടത്തുന്ന കുടിവെള്ള ശുചീകരണം, റോഡ് മുതലായ പദ്ധതികൾ<br>12. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം<br>13. മാതൃക റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്<br>14. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം, |

| | | | |
|---|---|---|---|
| | | | (പാലക്കാട് മെഡിക്കൽ കോളേജ്),<br>(എം.ആർ.എസുകൾക്കും,ഹോസ്റ്റലുകൾക്കും കെട്ടിടം പണിയുന്നതിനായി ഭൂമി വാങ്ങുന്ന പദ്ധതി)<br>15.തൊഴിലിനും, പരിശീലനത്തിനും മാനവവിഭവ ശേഷി വികസനത്തിനുമുള്ള സഹായം<br>16.മിശ്രവിവാഹിതർക്കുള്ള ധനസഹായങ്ങൾ<br>17.പൗരാവകാശ സംരക്ഷണ നിയമവും, അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ (50% സംസ്ഥാന വിഹിതം)<br>18.പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ എന്നിവയ്ക്കുള്ള വാത്സല്യനിധി, ഇൻഷുറൻസ് പദ്ധതി<br>19. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br>20. ഡോ.അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരമുള്ള സങ്കേതങ്ങളുടെ നവീകരണം<br>21. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്<br>22.പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ സ്വകാര്യ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം<br>23. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന 100% കേന്ദ്രാവിഷ്കൃത പദ്ധതി<br>24.അനാരോഗ്യകരമായ സാഹചര്യത്തിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ |

| | | | |
|---|---|---|---|
| | | | 25. 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെടിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)<br>26. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി<br>സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിലെത്തിക്കാൻ താഴെ പറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. സ്കൂളുകളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിന് സാമൂഹ്യ പഠന മുറി പദ്ധതി<br>2. കുട്ടികളുടെ ഭാഷാ പ്രശ്നം പരിഹരിക്കുക, അഭ്യസ്ഥ വിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഗോത്രബന്ധു പദ്ധതി<br>3. നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിന് സമഗ്ര ആദിവാസി സാക്ഷരതാ പദ്ധതി<br>4. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെടിക്/പോസ്റ്റ് മെടിക് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.<br>5. പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ഗോത്ര വാത്സല്യനിധി പദ്ധതി<br>6. ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ പദ്ധതി<br>7. സാമൂഹ്യ ശാക്തീകരണത്തിന് ഗോത്രരശ്മി പദ്ധതി |

| | | | |
|---|---|---|---|
| | | | 8. ലൈഫ് മിഷൻ പദ്ധതി<br>9. പാരമ്പര്യ കൃഷി വികസനത്തിന് മില്ലറ്റ് വില്ലേജ് പദ്ധതി<br>10. നൈപുണ്യ വികസന പരിശീലനത്തിന് നൈപുണ്യ വികസന പദ്ധതി |

**സെക്ഷൻ ഓഫീസർ**